**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 92** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>തീരദേശപരിപാലന പ്ലാൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയ തീരദേശ പരിപാലന പ്ലാനിൽ 1991-ന് മുമ്പുള്ള ബണ്ടുകൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല എന്നതുൾപ്പെടെയുള്ള ന്യൂനതകൾ ഉള്ളതിനാൽ ഇളവുകൾ ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ബണ്ട് സ്ലൂയിസ് ഗേറ്റുകൾ രേഖപ്പെടുത്തിയിട്ടില്ല എന്നത് ഉൾപ്പെടെയുള്ള ന്യൂനതകൾ സംബന്ധിച്ച പരാതികൾ കൂടി പരിഗണിച്ചാണ് 2019 തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. പിന്നീട് ലഭ്യമായ പരാതികൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിനു നൽകുന്നതിന് കേന്ദ്രസർക്കാരിനോട് അനുവാദം ആരാഞ്ഞിട്ടുണ്ട്.

**(ബി)** ഇതുസംബന്ധിച്ച് എടവനക്കാട് പഞ്ചായത്തിൽനിന്നും മുളവുകാട് പഞ്ചായത്തിൽനിന്നും സമർപ്പിക്കപ്പെട്ട പരാതികളിൽ നടപടി സ്വീകരിക്കപ്പെടാതിരുന്നതിനെ തുടർന്ന് ബഹു. ഹൈക്കോടതിയിൽ ശ്രീ. സലിഹരനും ശ്രീമതി ബിന്ദുമോളും ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രീ.സലിഹരൻ സമർപ്പിച്ച കേസിൽ സ്ഥലപരിശോധന നടത്തുന്നതിന് ബഹു.ഹൈക്കോടതി നിർദ്ദേശം ഉണ്ടായിരുന്നതനുസരിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീമതി.ബിന്ദുമോൾ ബഹു.ഹൈക്കോടതി മുൻപാകെ സമർപ്പിച്ച കേസിന്മേൽ ടിയാളുടെ അപേക്ഷ വിശദമായി പരിശോധിക്കുകയും, ടി പ്രദേശം CRZ IB യിലാണെന്ന് കണ്ടെത്തുകയുമുണ്ടായി. പ്രസ്തുത അപേക്ഷ കേരള തീരദേശ പരിപാലന അതോറിറ്റി യോഗത്തിൽ പരിശോധിക്കുകയും ടി പ്രദേശത്ത് പുതിയ നിർമ്മാണം അനുവദനീയമല്ലാത്തതിനാൽ നിരസിക്കുകയും ചെയ്തു. 2019 സി.ആർ.ഇസഡ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവുകൾ ശ്രീമതി. ബിന്ദുമോളുടെ അപേക്ഷയിൽ ബാധകമല്ലായെന്ന വിവരം ബഹു.ഹൈക്കോടതിയെ അറിയിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** വൈപ്പിൻ കരയിലെ എട്ട് പഞ്ചായത്തുകൾ 2019-ലെ വിജ്ഞാപന പ്രകാരം കോസ്റ്റൽ റെഗുലേഷൻ സോൺ -2-ൽ ഉൾപ്പെട്ടപ്പോൾ സമാന നഗരസ്വഭാവമുള്ള എടവനക്കാട്, കുഴപ്പിള്ളി,

പള്ളിപ്പുറം പഞ്ചായത്തുകൾ കോസ്റ്റൽ റെഗുലേഷൻ സോൺ -2--ലേക്ക് മാറ്റപ്പെടാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

**<u>മറുപടി:</u>** ഇക്കാര്യത്തിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് തീരുമാനം കൈക്കൊള്ളേണ്ടത്.

**(ഡി)** ഐലന്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുമ്പോൾ ദ്വീപ് എന്ന നിലയിൽ വൈപ്പിൻകാർക്ക് പ്രസ്തുത പ്ലാനിന്റെ ആനുകൂല്യം ലഭ്യമാകുമോ;

**<u>മറുപടി:</u>** ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ പൂർത്തിയായിട്ടില്ല.

**(ഇ)** ഐലന്റ് മാനേജ്മെന്റ് പ്ലാൻ എന്നത്തേക്ക് അംഗീകാരത്തിനായി സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ എത്രയും വേഗം തയ്യാറാക്കുന്നതിനായുള്ള ചർച്ചകൾ നാഷണൽ സെന്റർ ഫോർ സസ്റ്റെനബിൾ കോസ്റ്റൽ മാനേജ്മെന്റുമായി നടന്നുവരുന്നു.

**(എഫ്)** നഗരസ്വഭാവമുള്ള കൂടുതൽ പഞ്ചായത്തുകൾക്ക് കോസ്റ്റൽ റെഗുലേഷൻ സോൺ -2-ന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** 109 ഗ്രാമ പഞ്ചായത്തുകളെ കൂടി CRZ II കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**